**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1232** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>പുല്ല-കണ്ണോത്ത് വെങ്കിടങ്ങ് റോഡ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

പ്രൊഫ. സി. രവീന്ദ്രനാഥ് ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** മണലൂർ മണ്ഡലത്തിലെ കെ.എൽ.ഡി.സി.യുടെ പുല്ല - കണ്ണോത്ത് വെങ്കിടങ്ങ് റോഡിന്റെ മൂന്ന് കിലോമീറ്റർ ദൂരം മാത്രം ടാർ ചെയ്തിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തൃശ്ശൂർ നിന്ന് ഗുരുവായൂരിലേക്കുള്ള ദൂരം പകുതിയായി കുറയ്ക്കുവാൻ കഴിയുന്ന ഈ റോഡ് ബി.എം. ആൻഡ് ബി.സി. നിലവാരത്തിൽ പ്രവൃത്തി ചെയ്ത് യാത്രായോഗ്യമാക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** നബാർഡ് ആർ.ഐ.ഡി.എഫ് XXVI പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ 'Construction of bund road connecting Kannoth Pullazhi bridge to 51 Thara along left bund Pullazhithodu in Thrissur District' എന്ന പ്രവൃത്തിയുടെ ഭാഗമായി കണ്ണോത്ത് പുല്ലഴി വലിയ പാലം മുതൽ അമ്പത്തൊന്ന തറ വരെ 3.709 കിലോമീറ്റർ നീളത്തിൽ WBM (Water Bound Macadam) റോഡ് നിർമ്മാണം കെ.എൽ.ഡി.സി മുഖേന നടപ്പിലാക്കി പൂർത്തീകരിച്ചിട്ടുണ്ട്.പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ BM&BC നിലവാരത്തിലുള്ള റോഡ് നിർമ്മാണം ഉൾപ്പെടുത്തിയിട്ടില്ല. എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തതു പ്രകാരമുള്ള WBM റോഡ് ആണ് നിലവിൽ കെ.എൽ.ഡി.സി മുഖാന്തരം നിർമ്മിച്ചിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**